എ. ആർ. മേനോന്റെ കാലത്ത് ഉണ്ടാക്കിയ ഡിസ്പെൻസറിയാണ്. 80 സെന്റ് സ്ഥലത്ത് സ്ഥിതിചെയ്യുന്ന വാടകക്കെട്ടിടം ഏറ്റെടുക്കാൻ 1978-ൽ തീരുമാനിച്ചതാണ്. ആ കെട്ടിടം ഇന്നും ഏറ്റെടുക്കാൻ ഉപയുക്തമായ യാതൊരു നടപടിയും എടുത്തിട്ടില്ല. ഒരുവർഷം മൂന്നു ലക്ഷം രോഗികൾ അഞ്ചുപഞ്ചായത്തുകളിൽ നിന്നായി ആ ആശുപത്രിയെ സമീപിക്കുന്നുണ്ട്. അവിടെ 600 പ്രസവങ്ങൾ ഒരുവർഷം നടക്കുന്നുണ്ട്. നൂറ് പി. പി. എസ്. ഓപ്പറേഷനുകൾ അവിടെ നടക്കുന്നുണ്ട്. ആ രീതിയിൽ പ്രവർത്തിക്കുന്ന ആശുപത്രിക്കെട്ടിടം ഏറ്റെടുത്ത് ആവശ്യമായ പ്രവർത്തനം നടത്തി ഒരു കോമ്പൗണ്ട് വാർ ഉൾപ്പെടെ പണിത് അതൊരു ആശുപത്രിയായി ഉയർത്തുന്നതിനാവശ്യമായ നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സംഗതി ശരിയാണ്. പാലക്കാട് ജില്ലയിലെ കോട്ടായി പഞ്ചായത്തിലെ സർക്കാർ ആശുപത്രി പ്രവർത്തിക്കുന്ന വാടകകെട്ടിടവും സ്ഥലവും പൊന്നുംവിലയ്ക്ക് എടുക്കാൻ 1979-ൽ തന്നെ അനുമതി നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലാ കളക്ടർ തന്നെ പ്രസ്തുത സ്ഥലവും കെട്ടിടവും ഏറ്റെടുക്കാൻ വേണ്ട നടപടികൾ പൂർത്തിയാക്കി കഴിഞ്ഞിരിക്കുകയാണ്. അതിലേക്ക് ഒരുലക്ഷത്തി പതിനയ്യായിരം രൂപ ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരിക്കുകയാണ്. നടപ്പു സാമ്പത്തികവർഷത്തിൽ ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. അതിനാൽ മറ്റ് വിധത്തിൽ തുകകണ്ടെത്താൻ ധനകാര്യവകുപ്പുമന്ത്രി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

(7) പെരുമാനൂരിലെ ചേരിനിവാസികളുടെ പുനരധിവാസം

Shri. Stephen Padua: Sir, I wish to make a submission on the very serious inconvenience and difficulties caused to the Anglo-Indian High School, Perumanur and its nearly 2000 students and staff on account of the slum dwellers just behind the school building. Apart from the health hazard due to the insanitary conditions created by the slum dwellers, the teachers and staff have to face the unsound music of the abusive language and intemperate words from the slum dwellers.

On representation of the sad plight of the school to the Government, the Minister for Local Administration Shri. C. M. Sundaram was good enough to convene a conference on 26th September 1983. This conference decided that these slum dwellers should be rehabilitated in or near the Cochin city. Accordingly, the District Collector convened another conference of Slum Clearance Committee which decided that the Cochin Corporation should hand over necessary land and the G.C.D.A. should construct 8 houses for the rehabilitation of these slum dwellers. The Management was also asked to give a substantial sum for the construction of these houses. Accordingly, the Cochin Corporation handed over the land and the Management paid Rs. 35,200 for the construction of these houses at Thamanam. On starting this construction, certain local men obtained stay orders from the Government as well as from the Munisiff Court. By the time the stay orders were vacated, the contractor withdrew from his agreement. The G. C. D. A. also withdrew from their undertaking to construct the buildings.

LIBRARY ARCHIVES Kerala Legislative Assembly

Hence the District Collector convened another conference which decided that the Corporation of Cochin should undertake the construction of these houses for the rehabilitation of the slum dwellers. The G.C.D.A. was requested to hand over the money to the Cochin Corporation within two or three days. But in spite of the lapse of nearly three months, the G.C.D.A. has not yet done so. The G.C.D.A., I should say, is having 'a dog in the manger' policy. They will not construct the houses; nor they will allow the Cochin Corporation to construct the houses.

I would therefore request the Minister for Law and Irrigation, who is also in charge of Urban Development to issue necessary directions for the rehabilitation of these slum dwellers as early as possible.

Minister for Law and Irrigation (**Shri. K. M. Mani**): The Government do realise the inconvenience caused to the Anglo-Indian High School. Of course, the Cochin Corporation had set apart necessary land for rehabilitating the families to be vacated and land was handed over to the G.C.D.A. also. When the G.C.D.A. started the execution, some people went to the High Court and filed an O.P. restraining the G.C.D.A. from starting the work. Therefore the Project could not be undertaken. When the case was disposed off, the contractor became reluctant to take up the work due to the escalation of cost. The G.C.D.A. was also not prepared to bear the excess cost. Now, as a remedy, the Cochin Corporation has decided to take up the execution by itself. It will definitely, execute the work and therefore there is no room for any apprehension. I assure the Hon'ble member that the Cochin Corporation will immediately implement the execution of the work.

(8) വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ പണി

ശ്രീ. എൻ. ശക്തൻ നാടാർ: സർ, വിഴിഞ്ഞം ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. ഹാർബറിന്റെ നിർമ്മാണത്തിന് 11 കോടി രൂപയും വെസ്സൽസ് വാങ്ങുന്നതിന് 24 കോടി രൂപയും ആളുകളെ പുനരധിവസിപ്പിക്കുന്നതിന് 5 കോടി രൂപയും ഉൾപ്പെടെ 40 കോടി രൂപയാണ് ഹാർബറിന്റെ നിർമ്മാണത്തിന് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ 22 വർഷങ്ങളായി ആകെ നൽകിയത് വെറും അഞ്ചു കോടി രൂപയാണ്. രണ്ടും മൂന്നും ഘട്ടത്തിന്റെ നിർമ്മാണത്തിന് ഇതുവരെ അനുവാദം ലഭിച്ചിട്ടില്ല. ഹാർബറിന്റെ നിർമ്മാണം പൂർത്തിയാകുമ്പോൾ ഒരുവർഷം പതിമൂന്നു കോടി രൂപയുടെ വരുമാനവും പതിനായിരം പേർക്ക് തൊഴിലും ലഭിക്കും. ഈ ഘട്ടത്തിൽ അടിയന്തിരമായി ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കണം. ഈയിടെ വിഴിഞ്ഞം ഹാർബർ ഏരിയായിൽ വൻപിച്ച തീപിടുത്തം ഉണ്ടായി. ഏതാണ്ട് 40—ഓളം വള്ളങ്ങൾ കത്തിയെരിയുകയും യമഹ തുടങ്ങിയ എഞ്ചിനുകൾ കത്തിയെരിയുകയും ചെയ്തു. ധാരാളം നൈലോൺ വലകൾ കത്തിയെരിഞ്ഞു. അവരുടെ മൽസ്യ ബന്ധന ഉപകരണങ്ങൾ പൂർണ്ണമായി നശിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly